LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ മേളകളും പ്രദർശനങ്ങളും

18 (*288) ശ്രീ. എം. ഹംസ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. ബി. സത്യൻ :

ശ്രീ. പുരുഷൻ കടലുണ്ടി: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കാറുണ്ടോ ;

(ബി) ഇവ നടത്തുന്നതിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത് എന്നറിയിക്കാമോ ;

(സി) വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ആവശ്യത്തിലേക്കായി പണം പിരിക്കാറുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇത്തരത്തിൽ തുക ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കത്തിടപാട് നടത്തിയിട്ടുണ്ടോ ; ഇത് ഏതു ചട്ടപ്രകാരമാണെന്ന് അറിയിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. കൃഷി വകുപ്പും ത്രിതല പഞ്ചായത്തുകളും സംയുക്തമായും സംഘടിപ്പിക്കാറുണ്ട്.

(ബി) കൃഷിവിജ്ഞാന വ്യാപനം ശാക്തീകരണം എന്ന പദ്ധതിയിൽ നിന്നും ഇതിനായി ഫണ്ട് കണ്ടെത്തുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ആത്മ പദ്ധതിയിൽ ജില്ലാ മേളകൾ സംഘടിപ്പിക്കുന്നതിനായി 4.0 ലക്ഷം രൂപ വീതം ലഭ്യമാണ്.

(സി) വിവിധ സ്ഥാപനങ്ങൾ മേളകളിൽ പങ്കെടുക്കാറുണ്ട്. അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ചെലവിനായി തുക സംഘാടകർ സ്വരൂപിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ത്രിതല പഞ്ചായത്തുകൾ നടത്തുന്നതും കൃഷി വകുപ്പ് നേരിട്ട് നടത്തുന്നതുമായ കാർഷിക മേളകൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് സഹായം നല്കുന്നതിന് കൂടിച്ചേർന്ന യോഗതീരുമാന പ്രകാരം നൽകാറുണ്ട്.